പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
**കേരള കാർഷിക സർവ്വകലാശാല**
മേലേപട്ടാമ്പി (തപാൽ), പാലക്കാട് (ജില്ല), 679 306, കേരളം
*Email: adrptb@kau.in , rarsptb@kau.in Ph : 0466-2212228*

നം.ഡി1 – 621/2020

തീയ്യതി : 03/03/2020

**ക്വട്ടേഷൻ നോട്ടീസ്**

ഈ സ്റ്റേഷനിലെ സുരക്ഷാ ജോലികൾക്കായി, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ സുരക്ഷ ജീവനക്കാരെ ലഭ്യമാക്കുന്നതിന് പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് 2005 പ്രകാരം ലൈസൻസ് ഉള്ള സെക്യൂരിറ്റി ഏജൻസികളിൽ നിന്ന് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

<u>വ്യവസ്ഥകളും നിബന്ധനകളും</u>

1. വെള്ളക്കടലാസിൽ 8 മണിക്കൂർ സുരക്ഷാ ജോലിക്ക് ഒരാൾക്ക് ലഭിക്കേണ്ട കുറഞ്ഞ കൂലി, എല്ലാ നികുതികളും അടക്കം, രേഖപ്പെടുത്തി, മൊബൈൽ നമ്പരും പൂർണ്ണ മേൽവിലാസവും സഹിതം പേരെഴുതി ഒപ്പിട്ട് കവറിൽ അടക്കം ചെയ്ത് ഒട്ടിച്ചാണ് ക്വട്ടേഷനുകൾ തയ്യാറാക്കേണ്ടത്. കവറിനുപുറത്ത് 'സെക്യൂരിറ്റി ജോലികൾക്കുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ഇപ്രകാരം തയ്യാറാക്കുന്ന ക്വട്ടേഷനുകൾ **23.03.2020**–ന് ഉച്ചക്ക്ശേഷം 2 മണിക്കോ അതിനു മുൻപോ ആയി 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി' എന്ന വിലാസത്തിൽ തപാൽ മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. അന്നേ ദിവസം 2.30 ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ആ സമയത്ത് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്.
3. നിരതദ്രവ്യം 1000/– (ആയിരം രൂപ മാത്രം) ആയി നിജപ്പെടുത്തിയിരിക്കുന്നു. ഈ തുക പണമായി നേരിട്ട് ഈ ഗവേഷണ കേന്ദ്രം ഓഫീസിലോ 'അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി' എന്ന വിലാസത്തിൽ എടുത്തതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പട്ടാമ്പി ശാഖയിൽ മാറാവുന്നതുമായ ഡിമാന്റ് ഡ്രാഫ്ടായോ അടക്കേണ്ടതാണ്.
4. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന ഏജൻസിക്ക് രജിസ്ട്രേഷനും സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇതു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. സെക്യൂരിറ്റി ഉദ്യോഗസ്ഥനായി നിയമിക്കുന്നവരുടെ കുറഞ്ഞ വേതനം, വേതനവുമായി ബന്ധപ്പെട്ട പരാതികൾ, മിനിമം വേജ് ആക്ട്, ഇ.പി.എഫ്. ആന്റ് എംപി ആക്ട്, ഇ.എസ്.ഐ. ആന്റ് വർക്കമെൻ കോമ്പൻസേഷൻ ആക്ട് തുടങ്ങി എല്ലാവിധ തൊഴിൽ നിയമങ്ങളും ആവർക്കു ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്തം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ ഏജൻസിയിൽ നിക്ഷിപ്തമാണ്. സർവ്വകലാശാലയ്ക്ക് യാതൊരു ബാധ്യതയും ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്നതല്ല.
6. ആകെ നിയമിക്കുന്ന സെക്യൂരിറ്റി ഗാർഡുമാരിൽ വിമുക്തഭടൻമാർക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്ന സുരക്ഷ ജീവനക്കാരുടെ തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷൻ ലഭിച്ച ഏജൻസി ഹാജരാക്കേണ്ടതാണ്.
7. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവരുടെ കൂടിയ പ്രായം 01.04.2020–ന് 60 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു. നിയോഗിക്കപ്പെടുന്ന സുരക്ഷ ജിവനക്കാർക്ക് നല്ല കായിക ക്ഷമത ഉണ്ടായിരിക്കണം.
8. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാവരുത്. ഏതെങ്കിലും കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ ഏജൻസി സ്ത്യവാങ്മൂലം നൽകേണ്ടതാണ്. ജോലിയിലിരിക്കുമ്പോൾ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത കാര്യം സംഭവം നടന്ന് 24 മണിക്കൂറിനകം കരാറുകാരൻ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

9. സുരക്ഷ ഉദ്യോഗസ്ഥരുടെ അശ്രദ്ധ മൂലമോ ജോലിയിൽ ഉണ്ടാകുന്ന വീഴ്ച മൂലമോ സർവ്വകലാശാലക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനം നേരിട്ട് ഉത്തരവാദിയായിരിക്കും. ഇത്തരത്തിലുള്ള നഷ്ടം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിൽ നിന്ന് ഈടാക്കുന്നതാണ്.

10. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം 200/- (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള സർക്കാർ മുദ്ര പത്രത്തിൽ ഒരു കരാർ തയ്യാറാക്കി ഒപ്പിട്ടു നൽകേണ്ടതും സുരക്ഷാ നിക്ഷേപമായി 10000/- രൂപ (പതിനായിരം രൂപ മാത്രം) ഓഫീസിൽ അടക്കേണ്ടതുമാണ്. ഇപ്രകാരം അടക്കുന്ന സുരക്ഷാ നിക്ഷേപം ക്വട്ടേഷൻ കാലാവധിക്കു ശേഷം രശീതി ഹാജരാക്കുന്ന മുറക്ക് മറ്റ് നടപടി ക്രമങ്ങൾക്കു വിധേയമായി തിരികെ നൽകുന്നതുമാണ്.

11. സുരക്ഷ ജോലികളുടെ മേൽനോട്ട അധികാരമുള്ള ഉദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണമാണ് ജോലികൾ ചെയ്യേണ്ടത്. പെരിന്തൽമണ്ണ റോഡിലുള്ള പ്രധാന ഗേറ്റ്, പാലക്കാട് റോഡിലുള്ള സി ബ്ലോക്ക് ഗേറ്റ്, ഫാം ഓഫീസ്, ഓഫീസ് എന്നിവിടങ്ങളിലെ പട്രോളിങ്ങ് എന്നീ ജോലികൾക്ക് 24 മണിക്കൂർ സുരക്ഷാ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തണം.

12. സർക്കാർ ചട്ടപ്രകാരം ആവശ്യമായ രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമായ സമയങ്ങളിൽ പരിശോധനക്ക് ഹാജരാക്കേണ്ടതും ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ബന്ധപ്പെട്ട സർക്കാർ നിയമങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിക്കേണ്ടത് ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.

13. സെക്യൂരിറ്റി ജോലികൾക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് വേണ്ട യൂണിഫോം, ഷൂ, ബെൽറ്റ് തുടങ്ങിയവ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം അവരുടെ ചെലവിൽ നൽകേണ്ടതാണ്.

14. ഒരു സെക്യൂരിറ്റി ജീവനക്കാരനെ 8 മണിക്കൂറിൽ കൂടുതൽ ജോലിക്ക് നിയോഗിക്കാൻ പാടുള്ളതല്ല.

15. ആവശ്യാനുസരണം സെക്യൂരിറ്റി ജീവനക്കാരെ കരാർ കാലയളവിൽ ലഭ്യമാക്കാൻ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന് ബാധ്യത ഉണ്ടായിരിക്കും.

16. ക്വട്ടേഷൻ കാലയളവിൽ വിന്യസിക്കപ്പെട്ട സെക്യൂരിറ്റി ജീവനക്കാർക്ക് അർഹമായ വേതനത്തിന് പുറമെ, സർവ്വകലാശാലയിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന സ്ഥാപനത്തിനോ ജോലിക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കോ ഒരു തരത്തിലുള്ള അവകാശങ്ങളും ഉണ്ടായിരിക്കുകയില്ല.

17. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനം നൽകുന്ന പ്രതിമാസ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ചെക്ക് മുഖേനയായിരിക്കും കരാർ തുക വിതരണം ചെയ്യുന്നത്. ഇപ്രകാരം നൽകുന്ന തുകയിൽ നിന്ന് നിയമാനുസരണമുള്ള നികുതിയും ആദായ നികുതി ബാധകമാണെങ്കിൽ ആയതു കുറവ് ചെയ്യേണ്ടതാണ്.

18. സെക്യൂരിറ്റി ജീവനക്കാരുടെ ജോലി സമയത്തെ നിയന്ത്രണമൊഴികെ അവരെ സംബന്ധിച്ച നിയമപരവും അല്ലാത്തതുമായ എല്ലാ ബാധ്യതകളും അവരെ ലഭ്യമാക്കിയ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.

19. ഏതെങ്കിലും സാഹചര്യത്തിൽ ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ സ്ഥാപനത്തിന്റെ സേവനം തൃപ്തികരമല്ലാതെ കണ്ടാൽ കരാർ അവസാനിപ്പിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിൽ നിക്ഷിപ്തമാണ്.

20. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ മറ്റ് എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

(ഒപ്പ്)
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താവ് : സർവ്വകലാശാല വെബ്സൈറ്റ്/നോട്ടീസ് ബോർഡ് - ഓഫീസ്/
വിൽപന കേന്ദ്രം/മിനി സിവിൽ സ്റ്റേഷൻ

പകർപ്പ് : ഫാം ഇൻചാർജ്ജ്/ഫാം സൂപ്രണ്ട്/സ്റ്റോക്ക് ഫയൽ

//അംഗീകാരത്തോടെ//

Indu P.N
സെക്ഷൻ ഓഫീസർ